I ഇ.ബി. XV - കേരള നിയമസഭ/X-4

പതിനഞ്ചാം കേരള നിയമസഭ

പത്താം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2024 ജനുവരി 31, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I അടിയന്തരപ്രമേയം**

റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി

മി. സ്പീക്കർ: ഉൽപ്പാദനച്ചെലവിന്റെ വർദ്ധനവും വിലത്തകർച്ചയുംമൂലം കേരളത്തിലെ റബ്ബർ കർഷകർ പ്രതിസന്ധി നേരിടുന്നതായും റബ്ബറിന്റെ താങ്ങുവില 300 രൂപയായി ഉയർത്താത്തതുമൂലം കർഷകസമൂഹത്തിൽ ആശങ്കയുളവായിട്ടുള്ളതായും പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ

മോൻസ് ജോസഫ്, സജീവ് ജോസഫ്, പി. കെ. ബഷീർ, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം മുഖാന്തരം റബ്ബറിന് താങ്ങുവില ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്. ചെറുകിട-നാമമാത്ര കർഷകരുൾപ്പെടെ റബ്ബർ ബോർഡിന്റെ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ കർഷകർക്കും ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും പുതുതായി രജിസ്റ്റർ ചെയ്യുന്നതിന് മൂന്നുമാസംകൂടി സമയം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഉൽപ്പാദനച്ചെലവ് വർദ്ധിച്ചത് കണക്കിലെടുത്ത് 2021 ഏപ്രിൽ 1 മുതൽ റബ്ബറിന്റെ താങ്ങുവില 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. തീരുവയില്ലാതെയുള്ള റബ്ബർ ഇറക്കുമതി അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ഉണക്ക റബ്ബറിന്റെ തീരുവ 70 ശതമാനത്തിലേയ്ക്ക് ഉയർത്തണമെന്നും റബ്ബറിനെ മേക്ക്-ഇൻ-ഇന്ത്യ പദ്ധതിയിലുൾപ്പെടുത്തണമെന്നും കപ്പിലം (ചണ്ടി) റബ്ബർ ഇറക്കുമതി ചെയ്യുന്നതിനുള്ള നിരോധനം തുടരണമെന്നും താങ്ങുവില 250 രൂപയായി വർദ്ധിപ്പിക്കുന്നതിന് സഹായം ലഭ്യമാക്കണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടെങ്കിലും അനുകൂല നിലപാട് സ്വീകരിച്ചിട്ടില്ല. ഇറക്കുമതി

ചെയ്യുന്ന റബ്ബറിന്റെ തീരുവയിൽനിന്ന് ഒരു നിശ്ചിത തുക ഉപയോഗിച്ച് നാഷണൽ റബ്ബർ റിസ്ക് ഫണ്ട് രൂപീകരിച്ച് വിലയിടിവ് പരിഹരിക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ കേന്ദ്രസർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും റബ്ബർ കർഷകരെ സഹായിക്കാൻ സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. മോൻസ് ജോസഫ്: സംസ്ഥാനത്തെ റബ്ബർ കർഷകർ കടുത്ത പ്രതിസന്ധി നേരിടുകയാണ്. ഉൽപ്പാദനച്ചെലവ് വർദ്ധിച്ച സാഹചര്യത്തിൽ താങ്ങുവിലയായി നിശ്ചയിച്ചിട്ടുള്ള 170 രൂപ പര്യാപ്തമല്ല. സംസ്ഥാന ഗവൺമെന്റ് റബ്ബർ കർഷകരെ സഹായിക്കാൻ യാതൊരു നടപടിയും നാളിതുവരെ സ്വീകരിച്ചിട്ടില്ല. റബ്ബറിന്റെ താങ്ങുവില 250 രൂപയായി വർദ്ധിപ്പിക്കുമെന്ന പ്രകടനപത്രികയിലെ വാഗ്ദാനം പാലിക്കണം. വിലസ്ഥിരതാ ഫണ്ട് ലഭ്യമാക്കാനുള്ള സർക്കാർ വെബ്സൈറ്റ് പ്രവർത്തനക്ഷമമല്ലാത്തതിനാൽ കർഷകർക്ക് ബിൽ അപ്‌ലോഡ് ചെയ്യാൻ കഴിയാത്ത സാഹചര്യം പരിശോധിക്കണം. റബ്ബർ ബോർഡുമായി ചർച്ച നടത്തി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. റബ്ബറിന്റെ റീപ്ലാന്റിംഗ് സബ്സിഡി വർദ്ധിപ്പിക്കുന്നതിനും താങ്ങുവില 300 രൂപയാക്കുന്നതിനും സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് അനുകൂല

നടപടികൾ സ്വീകരിക്കണം. റബ്ബർ കർഷകർ കടുത്ത പ്രതിസന്ധി നേരിടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): റബ്ബർ കർഷകരുടെ പ്രശ്നങ്ങളോട് അനുകൂല നിലപാടാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്നത്. റബ്ബർ മേഖല നേരിടുന്ന പ്രതിസന്ധിക്ക് കാരണമായ കേന്ദ്ര നയങ്ങൾക്കെതിരെ ഒറ്റക്കെട്ടായി പ്രതിഷേധിക്കാൻ പ്രതിപക്ഷം തയ്യാറാകണം. റബ്ബറിന്റെ റീപ്ലാന്റിംഗ് സബ്സിഡി വർദ്ധിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. റബ്ബർ കൃഷി മേഖലയുമായി ബന്ധപ്പെട്ട പ്രകടനപത്രികയിലെ വാഗ്ദാനങ്ങളെല്ലാം പാലിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ റബ്ബർ ബോർഡുമായി ചർച്ചകൾ നടത്തുന്നില്ലെന്ന വാദം ശരിയല്ല. കോട്ടയത്ത് റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിലൂടെ നാളിതുവരെ 1993 കോടി 36 ലക്ഷം രൂപ നൽകിയിട്ടുണ്ട്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിൽ പുതിയതായി രജിസ്റ്റർ ചെയ്യുന്നതിന് മൂന്ന് മാസംകൂടി സമയം അനുവദിച്ചിട്ടുണ്ട്. ബിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള സാങ്കേതിക തടസങ്ങൾ പരിഹരിക്കുന്നതിനും കുടിശ്ശികയില്ലാതെ സബ്സിഡി തുക വിതരണം ചെയ്യുന്നതിനുമുള്ള

നടപടികൾ സ്വീകരിക്കുന്നതാണ്. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും റബ്ബർ കർഷകരെ സഹായിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി 2024 ഏപ്രിൽ മുതൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന കേരള കാലാവസ്ഥ പ്രതിരോധ മൂല്യവർദ്ധിത ശൃംഖല നവീകരണ പദ്ധതി (കേര)-യിലുൾപ്പെടുത്തി കാർഷിക മേഖലയ്ക്ക് 2370 കോടി രൂപയുടെ സഹായം അനുവദിക്കുന്നതിൽ റബ്ബർ റീപ്ലാന്റേഷന് ഹെക്ടറൊന്നിന് 75,000 രൂപ നിരക്കിൽ 30,000 ഹെക്ടർ റബ്ബർ കൃഷിക്ക് 225 കോടി രൂപ അനുവദിക്കുകയും 5 വർഷംകൊണ്ട് 50,000-ലധികം കർഷകർക്ക് അത് നേരിട്ട് ലഭ്യമാകുകയും ചെയ്യും. റബർ കർഷകർക്ക് പരിശീലനത്തിനും മികച്ച തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുംവേണ്ടി ഒരു നഴ്സറിക്ക് 6 ലക്ഷം രൂപ നിരക്കിൽ 28 റബ്ബർ നഴ്സറികൾക്ക് സാമ്പത്തിക സഹായം നൽകാനുള്ള പദ്ധതി നടപ്പിലാക്കും. പാർഷ്യൽ ക്രെഡിറ്റ് ഗ്യാരണ്ടി സപ്പോർട്ട് സ്കീമിനുവേണ്ടി 100 കോടിയോളം രൂപ നീക്കിവച്ചിട്ടുണ്ട്. റബ്ബർ കൃഷി പരിപോഷിപ്പിക്കുന്നതിനും റബ്ബർ കർഷകരെ സഹായിക്കുന്നതിനുമായി 300 കോടിയിലധികം രൂപ വിവിധ പദ്ധതികളിലൂടെ റബ്ബർ മേഖലയ്ക്ക് ലഭിക്കും. കേരളത്തിലെ കർഷകരെ

സഹായിക്കുകയെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. റബ്ബർ മേഖലയിലെ പ്രതിസന്ധിക്ക് കാരണമായ കേന്ദ്ര സർക്കാർ നയങ്ങൾക്കെതിരെ യോജിച്ച പ്രക്ഷോഭത്തിന് തയ്യാറാകണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### (1) നഗരസഭകളിലെ സാനിട്ടേഷൻ വർക്കർ /കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീ. പി. പി. ചിത്തരഞ്ജൻ: 'മാലിന്യമുക്ത കേരളം' എന്ന ലക്ഷ്യത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ നിർണ്ണായക പങ്കുവഹിക്കുന്ന നഗരസഭകളിലെ സാനിട്ടേഷൻ/കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളിലെ അപാകതകൾ പരിഹരിക്കണം. കണ്ടിജന്റ് വിഭാഗം ജീവനക്കാർക്കായി സ്പെഷ്യൽ റൂൾസ് തയ്യാറാക്കാനും

വർഷങ്ങളായി താല്ക്കാലിക ജീവനക്കാരായി തുടരുന്നവരെ സ്ഥിരപ്പെടുത്താനും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാനും നടപടി സ്വീകരിക്കണം. കണ്ടിജന്റ് വിഭാഗം ജീവനക്കാരെ പൊതുസർവ്വീസിൽ ഉൾപ്പെടുത്തുന്നതിനും ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനും അശാസ്ത്രീയമായ ശമ്പള സ്കെയിൽ കാരണം പെൻഷനിൽവന്ന കുറവ് പരിഹരിക്കുന്നതിനും തസ്തികയുടെ പേര് ഹെൽത്ത് വർക്കർ എന്നാക്കുന്നതിനും പ്രൊമോഷൻ തസ്തിക അനുവദിക്കുന്നതിനും ഹരിതകർമ്മ സേനാംഗങ്ങൾക്ക് ഹെൽത്ത് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് പഞ്ചായത്ത്/മുനിസിപ്പൽ കോമൺ സർവ്വീസുകളിലെ കണ്ടിജന്റ് ജീവനക്കാരെക്കൂടി പൊതുസർവ്വീസിലുൾപ്പെടുത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. ഈ വിഭാഗം ജീവനക്കാരെ സർക്കാർ ജീവനക്കാരായി കണക്കാക്കാൻ കഴിയാത്തതിനാൽ അവർക്ക് മാത്രമായി സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഹരിത കർമ്മ സേനയിലെ അംഗങ്ങൾക്ക് സുരക്ഷാ ഉപകരണങ്ങളുൾപ്പെടെയുള്ള സംവിധാനങ്ങളും

സൗകര്യങ്ങളുമൊരുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഹരിത കർമ്മ സേനാംഗങ്ങൾക്കായി ഇൻസ്പയർ എന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചിട്ടുള്ളതും ഒരു ലക്ഷം രൂപവരെ ഇതിലൂടെ ചികിത്സാ ധനസഹായം ലഭിക്കുന്നതുമാണ്.

(2) കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ് നിർമ്മാണം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: ഇടുക്കിയിലും കാസർഗോഡും ഒരേ വർഷം മെഡിക്കൽ കോളേജുകൾക്ക് തറക്കല്ലിട്ടെങ്കിലും കാസർഗോഡ് മെഡിക്കൽ കോളേജ് ഇതുവരെ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമായിട്ടില്ല. പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ സൗകര്യങ്ങളിൽ മാത്രം പ്രവർത്തിക്കുന്ന ടി മെഡിക്കൽ കോളേജിൽ മതിയായ തസ്തികകൾ സൃഷ്ടിച്ച് നിയമനങ്ങൾ നടത്തുന്നതിനും എം.ബി.ബി.എസ്. കോഴ്സ് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): 2012 മാർച്ച് മാസത്തിൽ അനുമതി ലഭിച്ച കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണം ആരംഭിച്ചത് കഴിഞ്ഞ സർക്കാരിന്റെ കാലത്താണ്. 2023-ൽ 273 അദ്ധ്യാപക/അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുകയും 173 തസ്തികകൾ അനുവദിക്കപ്പെടുകയും ചെയ്തു. 2020-ൽ

കോവിഡ് ആശുപത്രിയായി പ്രവർത്തനം തുടങ്ങിയ പ്രസ്തുത ആശുപത്രിയിൽ ഒരു കാത്ത് ലാബ് ആരംഭിച്ചതുകൂടാതെ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യമൊരുക്കുന്നതിനുള്ള പ്രവൃത്തികളും അക്കാദമിക് ബ്ലോക്ക് നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. റെസിഡൻഷ്യൽ ഫെസിലിറ്റീസ് ഒരുക്കുന്നതുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ എഴുപത്തിയഞ്ച് ശതമാനം പൂർത്തിയായി. കിഫ്ബി മുഖേന അനുവദിച്ചിട്ടുള്ള 160 കോടി രൂപയിലൂടെ ഫർണിച്ചറുകളും എക്യുപ്മെന്റ്സും വാങ്ങാൻ സാധിക്കുന്നതാണ്. പൂർണ്ണതോതിൽ പ്രവർത്തിക്കുമ്പോൾ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുകയും അനുവദിച്ച തസ്തികകളിലെല്ലാം നിയമനം നടത്തുകയും ചെയ്യുമെന്ന നിലയിലാണ് അന്ന് സർക്കാർ അനുവാദം നൽകിയത്. കാസർഗോഡ് മെഡിക്കൽ കോളേജ് രണ്ടുവർഷത്തിനുള്ളിൽ പ്രവർത്തനസജ്ജമാക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

## III സബ്മിഷൻ

### (1) പാലാക്കുന്നേൽ എസ്റ്റേറ്റ്

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): കാഞ്ഞിരപ്പള്ളി താലൂക്കിലെ ചെറുവള്ളി വില്ലേജിലെ ആറും ആറ്റുപുറമ്പോക്കും ഉൾപ്പെടെയുള്ള പ്രദേശം

പാലാക്കുന്നേൽ എസ്റ്റേറ്റിനുവേണ്ടി അതിർത്തികൾ റീഫിക്സ് ചെയ്ത് റവന്യൂ രേഖകളിലും സർവ്വേ രേഖകളിലും തിരുത്തലുകൾ വരുത്തി ചട്ടങ്ങൾക്ക് വിരുദ്ധമായി സ്വകാര്യവ്യക്തിക്ക് ലഭിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് റവന്യൂ ഇന്റലിജൻസിനെക്കൊണ്ട് അന്വേഷിപ്പിക്കാനും പ്രസ്തുത കേസിൽ അപ്പീൽ നൽകി സർക്കാർ ഭൂമി തിരികെ ലഭ്യമാക്കാനുമുള്ള നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): കാഞ്ഞിരപ്പള്ളി താലൂക്കിൽ ചെറുവള്ളി വില്ലേജിലെ തോട് പുറമ്പോക്ക് ഭൂമികളിൽ ഉടമസ്ഥാവകാശം അവകാശപ്പെട്ട് സമർപ്പിച്ച അന്യായങ്ങളിൽ വാദികൾക്ക് അനുകൂലമായ കോടതിവിധിയുണ്ടായതിന്റെ അടിസ്ഥാനത്തിൽ റവന്യൂ/സർവ്വെ റെക്കോർഡുകളിൽ തിരുത്തലുകൾ വരുത്തി തണ്ടപ്പേർ പിടിച്ചിട്ടുണ്ട്. കോടതി ഉത്തരവ് പുറപ്പെടുവിച്ച് വാദികൾക്ക് വസ്തു കൈമാറിയിട്ടുള്ള സാഹചര്യത്തിൽ കോടതി ഉത്തരവിലൂടെ മാത്രമേ അത് റദ്ദാക്കാൻ സാധിക്കുകയുള്ളൂ. ഇതു സംബന്ധിച്ച് കോട്ടയം ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ബഹു. അംഗത്തിന്റെ സാന്നിദ്ധ്യത്തിൽ ജില്ലാ റവന്യൂ ഉദ്യോഗസ്ഥരെ ഉൾപ്പെടെ പങ്കെടുപ്പിച്ചുകൊണ്ട് യോഗം വിളിക്കാനും അന്വേഷണം നടത്തി സർക്കാർ ഭൂമി തിരിച്ചുപിടിക്കാനുമാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (2) ഗ്രീൻഫീൽഡ് ഹൈവേ

ശ്രീ. എൻ. ഷംസുദ്ദീൻ: പാലക്കാട്-കോഴിക്കോട് ഗ്രീൻഫീൽഡ് ഹൈവേയ്ക്കുവേണ്ടി ഏറ്റെടുക്കുന്ന ഭൂമിയുടെ വില പുനർനിർണ്ണയിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പാലക്കാട് ജില്ലയിൽ ഗ്രീൻഫീൽഡ് ഹൈവേ കടന്നുപോകുന്ന 21 വില്ലേജുകളിലെ ഭൂമിയുടെ അടിസ്ഥാനവില നിർണ്ണയം കോമ്പീറ്റന്റ് അതോറിറ്റി ഫോർ ലാൻഡ് അക്വിസിഷൻ (CALA) അംഗീകരിക്കുകയും ദേശീയപാത അതോറിറ്റിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കോമ്പീറ്റന്റ് അതോറിറ്റിക്ക് ഒരിക്കൽ നിർണ്ണയിച്ച അടിസ്ഥാനവില തിരുത്തുന്നതിനോ പുനഃപരിശോധിക്കുന്നതിനോ സാധിക്കില്ല. ഗ്രീൻഫീൽഡ് ഹൈവേയ്ക്കായി ഏറ്റെടുക്കുന്ന 572.62 ഹെക്ടർ ഭൂമിക്ക് 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരമുള്ള നഷ്ടപരിഹാരവും ഭൂമിയിൽ താമസിച്ചിരുന്നവർക്ക് പുനരധിവാസവും നൽകുന്നതാണ്. നഷ്ടപരിഹാരം സംബന്ധിച്ച് ഭൂവുടമകൾക്ക് ആക്ഷേപമുള്ളപക്ഷം ആയത് പരിഹരിക്കുന്നതിന് ആർബിട്രേറ്ററായ ജില്ലാകളക്ടറെ സമീപിക്കാവുന്നതാണ്.

(3) കൊല്ലങ്കോട്-പൊഴിയൂർ കടൽഭിത്തി നിർമ്മാണം

ശ്രീ. കെ. ആൻസലൻ: നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊഴിയൂർ-കൊല്ലങ്കോട് പ്രദേശത്തെ കടലാക്രമണം തടയുന്നതിനായി ടെട്രാപോഡ് നിർമ്മിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): തിരുവനന്തപുരം ജില്ലയിലെ കൊല്ലങ്കോടിനും പൂവാർ അഴിമുഖത്തിനും മദ്ധ്യേ ടെട്രാപോഡുകൾ ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണത്തിന് 51 കോടി രൂപയുടെ ഡി.പി.ആർ. ലഭ്യമായതിനെത്തുടർന്ന് പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിനായി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷനെ (KIIDCL) എസ്.പി.വി. ആയി ചുമതലപ്പെടുത്തുകയും എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 61 കോടി രൂപയുടെ പ്രവൃത്തിക്ക് തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിക്ക് മന്ത്രിസഭയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(4) വടുതല, പച്ചാളം, സൗത്ത് ചിറ്റൂർ ഭാഗങ്ങളിലെ കുടിവെള്ളക്ഷാമം

ശ്രീ. ടി. ജെ. വിനോദ്: കൊച്ചി നഗരത്തിലെ പ്രാന്തപ്രദേശങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ പച്ചാളത്ത് സമ്പും ഓവർഹെഡ് ടാങ്കുംവഴി

ജലവിതരണം നടത്താനും ഇളമക്കര-കലൂർ ഭാഗത്തെ കുടിവെള്ള വിതരണത്തിനായി കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ സ്ഥാപിച്ച ഓവർഹെഡ് ടാങ്കിൽ വെള്ളം എത്തിക്കുന്നതിനുള്ള പൈപ്പ്‌ലൈൻ നീട്ടുന്നതുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ വേഗത്തിലാക്കാനും ആലുവയിൽ 190 എം.എൽ.ഡി. ശേഷിയുള്ള പുതിയ പ്ലാന്റ് സ്ഥാപിച്ച് കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സമ്പിലേയ്ക്കും ഓവർഹെഡ് ടാങ്കിലേയ്ക്കും വെള്ളം എത്തിക്കുന്നതിനും പൈപ്പ്‌ലൈൻ നീട്ടുന്നതിനുമായി അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനായി വാട്ടർ അതോറിറ്റിയുടെ ജോയിന്റ് എം.ഡി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വടുതല പമ്പ് ഹൗസിലേയ്ക്ക് കൂടുതൽ ജലം ലഭ്യമാക്കുന്നതിലേയ്ക്കായി ആലുവ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ശേഷി വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. കൊച്ചിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എ.ഡി.ബി. ധനസഹായത്തോടെ ആലുവയിൽ 190 എം.എൽ.ഡി. ശേഷിയുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരികയാണ്.

(5) വയനാട്ടിൽ കടുവകളുടെ ആക്രമണത്തിനിരയായവർക്ക് നഷ്ടപരിഹാരം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: വയനാട്ടിൽ കടുവകളുടെ ആക്രമണത്തിനിരയായവർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാനും കുടുംബത്തിലെ ഒരംഗത്തിന് ജോലി നൽകാനും ഉന്നതാധികാര സമിതി യോഗം വിളിച്ചുചേർത്ത് പ്രത്യേക പദ്ധതി ആവിഷ്കരിക്കാനും കടുവയെ പിടിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കാനും നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): വയനാട്ടിൽ കടുവയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ ആശ്രിതർക്ക് സർക്കാർ നിശ്ചയിച്ച പ്രകാരമുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്. ജനവാസമേഖലയിലേയ്ക്ക് ഇറങ്ങുന്ന വന്യമൃഗങ്ങളെ പിടികൂടി വനമേഖലയിൽ പുനരധിവസിപ്പിക്കുന്ന നടപടിയുടെ ഭാഗമായി 10 കടുവകളെ പുനരധിവസിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ മികച്ച റാപ്പിഡ് റെസ്പോൺസ് ടീമാണ് വയനാട്ടിൽ പ്രവർത്തിക്കുന്നത്. ഈ കാര്യങ്ങൾ ഗൗരവമായി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (6) അസാപ്-ന്റെ പ്രവർത്തനം

ശ്രീ. പി. പി. ചിത്തരഞ്ജൻ: ആലപ്പുഴ നിയോജകമണ്ഡലത്തിലെ കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ അതിവേഗ ഇന്റർനെറ്റ് സൗകര്യമൊരുക്കുന്നതിനും അസാപി-ന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): അസാപി-ന്റെ ആഭിമുഖ്യത്തിൽ 126 സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സ്കിൽ ഡെവലപ്പ്മെന്റ് സെന്ററുകൾ വഴി സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് സൗജന്യമായി കമ്പ്യൂട്ടർ പരിശീലനമുൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇലക്ട്രിക് വാഹന നിർമ്മാണം, ആഗ്മെന്റഡ് റിയാലിറ്റി, വെർച്ച്വൽ റിയാലിറ്റി, വെഹിക്കിൾ പെയിന്റിംഗ് എന്നീ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങളും അസാപ് ആരംഭിച്ചിട്ടുണ്ട്. ദേശീയതലത്തിൽ നിരവധി അംഗീകാരങ്ങൾ അസാപ്-ന് ലഭ്യമായിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ തൊഴിലധിഷ്ഠിത കോഴ്സുകളെയും എം.എസ്.ക്യൂ.എഫ്. നിലവാരത്തിലേയ്ക്കുയർത്തുന്നതിന്റെ ഭാഗമായി കേരളത്തിൽ സ്കിൽ ഇക്കോ സിസ്റ്റം സൃഷ്ടിച്ചെടുക്കാനുള്ള ദൗത്യം

നിർവ്വഹിക്കുന്നു. ആലപ്പുഴ നിയോജകമണ്ഡലത്തിലെ കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ അതിവേഗ ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കും.

(7) <u>പടന്നക്കാട് റെയിൽവേ മേൽപ്പാലം</u>

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: കാഞ്ഞങ്ങാട് - നീലേശ്വരം റോഡിൽ പടന്നക്കാട് റെയിൽവേ മേൽപ്പാലത്തിന് സമാന്തരമായി പുതിയ മേൽപ്പാലം നിർമ്മിക്കുമ്പോൾ സർവ്വീസ് റോഡിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): ദേശീയ പാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് പടന്നക്കാട് പുതിയ മേൽപ്പാലം നിർമ്മിക്കുമ്പോൾ സർവ്വീസ് റോഡിനാവശ്യമായ ഭൂമി ലഭ്യമല്ലാത്തതിനാൽ ജില്ലാ കളക്ടർ ഉൾപ്പെടെയുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ ക്രോസ് ചെയ്യുന്നതിനുള്ള സംവിധാനമൊരുക്കുന്നതിനായി നിശ്ചിത ചെയിനേജിൽ നിശ്ചിത വലിപ്പത്തിൽ ബോക്സ് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നമ്പ്യാർക്കൽ റോഡ്

ഉപയോഗിക്കുന്നവർക്ക് viaduct ഉപയോഗിക്കാൻ സാധിക്കുമെന്നും ദേശീയ പാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(8) നച്ച്യാട് പാലം നിർമ്മാണം

ശ്രീ. സജീവ് ജോസഫ്: മലയോര ഹൈവേയുടെ ഭാഗമായ ജീർണ്ണാവസ്ഥയിലായ നച്ച്യാട് പാലം പുതുക്കിപ്പണിയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): മലയോര ഹൈവേയുടെ ഭാഗമായ നച്ച്യാട് പാലത്തിന്റെ പുതുക്കിയ ഡിസൈൻ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഭൂമിയേറ്റെടുക്കുന്നതിനുൾപ്പെടെയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ധനകാര്യ വകുപ്പിന്റെ അനുമതിക്കായി കൈമാറിയിട്ടുണ്ട്. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(9) ചെർക്കള-ജാൽസൂർ ഇന്റർസ്റ്റേറ്റ് സ്റ്റേറ്റ് ഹൈവേ

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: ചെർക്കള - ജാൽസൂർ ഇന്റർ സ്റ്റേറ്റ് സ്റ്റേറ്റ് ഹൈവേ Output and Performance-Based Road Contract (OPBRC) സ്കീമിൽനിന്ന് ഒഴിവാക്കി മറ്റൊരു സ്കീമിൽ ഉൾപ്പെടുത്തി ബി.എം. & ബി.സി. ചെയ്ത് നവീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ചെർക്കള - ജാൽസൂർ ഇന്റർസ്റ്റേറ്റ് സ്റ്റേറ്റ് ഹൈവേ നവീകരണം അനിവാര്യമായ സാഹചര്യത്തിൽ OPBRC പാക്കേജ് 4-ഉം 5-ഉം ഒരുമിച്ച് ടെണ്ടർ ചെയ്യാനുള്ള അനുമതിക്കായി ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിലുള്ള തുക ഉപയോഗിച്ച് റോഡ് നവീകരിക്കുന്നത് സംബന്ധിച്ച് തീരുമാനമുണ്ടാക്കാൻ പൊതുമരാമത്ത് വകുപ്പ് ശ്രമിക്കുന്നതാണ്.

## (10) കല്ലൂരിക്കടവ് പാലം നിർമ്മാണം

ശ്രീ. കെ. വി. സുമേഷ്: അഴീക്കോട് മണ്ഡലത്തിലെ നാറാത്ത്-പാപ്പിനിശ്ശേരി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കല്ലൂരിക്കടവ് പാലം നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ത്വരിതപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): നാറാത്ത്-പാപ്പിനിശ്ശേരി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കല്ലൂരിക്കടവ് പാലം നിർമ്മാണത്തിനുള്ള പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കി വിശദ പദ്ധതിരേഖ തയ്യാറാക്കുന്ന പ്രവൃത്തി പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽ പുരോഗമിച്ചുവരുന്നു. ആയത്

തയ്യാറായാലുടൻ കിഫ്ബിക്ക് സമർപ്പിച്ച് സാമ്പത്തിക അനുമതി ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കാനുള്ള നടപടിയിലേയ്ക്ക് കടക്കാവുന്നതാണ്.

## IV മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## V ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

സംസ്ഥാനത്തിന്റെ കായികനയം സംബന്ധിച്ച് ന്യൂനപക്ഷ ക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

## VI ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. നിയമസഭയോടും മലയാളി സമൂഹത്തോടും അവഗണനയും അവഹേളനവും നടത്തിയ ഗവർണ്ണറോടുള്ള ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു. കേരളത്തിന്റെ വികസന ക്ഷേമപ്രവർത്തനങ്ങൾ തടയാനും ക്രമസമാധാനം തകർക്കാനുമുള്ള പ്രതിപക്ഷ നിലപാട് പ്രതിഷേധാർഹമാണ്. സംസ്ഥാനത്ത് പാവപ്പെട്ടവർക്ക് സൗജന്യമായി ഇന്റർനെറ്റ് ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതി തകർക്കുന്നതിനുള്ള

പ്രതിപക്ഷത്തിന്റെ പരിശ്രമം ദൗർഭാഗ്യകരമാണ്. തീരദേശഹൈവേ, മലയോരഹൈവേ, ദേശിയപാത വികസനം തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനത്തിനായി ഭരണ-പ്രതിപക്ഷാംഗങ്ങൾ ഒന്നിച്ചുനിൽക്കണം.

ശ്രീ. ടി. സിദ്ദിഖ്: നന്ദിപ്രമേയത്തെ എതിർക്കുന്നു. കേരളത്തിലെ ചെറുപ്പക്കാരെയും സ്കൂൾ-കോളേജ് വിദ്യാർത്ഥികളെയും കാർന്നുതിന്നുന്ന വിപത്തായ നാർക്കോട്ടിസത്തെയും ചെറുപ്പക്കാരുടെ മൈഗ്രേഷനെയും സംബന്ധിച്ച് നയപ്രഖ്യാപനത്തിൽ സൂചിപ്പിക്കാത്തത് ഖേദകരമാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഗവർണ്ണർ നയപ്രഖ്യാപനവുമായി ബന്ധപ്പെട്ട് സഭയോട് കാണിച്ച അവഗണനയിൽ ശക്തമായി പ്രതിഷേധിക്കുന്നു. ലഹരിയുടെ വിപത്തിനെക്കുറിച്ചും 'ഉണർവ്' പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ചും നയപ്രഖ്യാപനത്തിൽ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. നവകേരള സദസ്സ് മുഖേന കേരളത്തിൽ നിരവധി മാതൃകാപരമായ പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടത്തിയത്. രണ്ടുലക്ഷത്തിലധികം ചെറുകിട സംരംഭങ്ങളും നാലര ലക്ഷത്തിൽപ്പരം തൊഴിലവസരങ്ങളും സംസ്ഥാനത്ത് സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്വകാര്യ വ്യവസായ പാർക്കുകൾ, ഐ.ടി. പാർക്കുകൾ, വിഴിഞ്ഞം തുറമുഖ പദ്ധതി, വാട്ടർ മെട്രോ അടക്കമുള്ള നിരവധി പദ്ധതികൾ ആരംഭിക്കാനും

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 7,600 കോടി രൂപ ചികിത്സാധനസഹായമായി നൽകാനും കഴിഞ്ഞിട്ടുണ്ട്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഗവർണ്ണറുടെ അവഗണനയിൽ പ്രതിഷേധിക്കുന്നു. ധനപ്രതിസന്ധിയും കോവിഡ് മഹാമാരിയും പ്രളയവും നമ്മെ ബുദ്ധിമുട്ടിക്കുമ്പോഴും സംസ്ഥാനത്തിന്റെ ഭാവി വികസനം ലക്ഷ്യം വച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്ന ശ്രദ്ധേയമായ പദ്ധതികളാണ് ഈ നയപ്രഖ്യാപനത്തിൽ പ്രതിപാദിക്കുന്നത്. ഈ സർക്കാർ റബ്ബറിന്റെ വിലയും വിലസ്ഥിരതാ ഫണ്ടും വർദ്ധിപ്പിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുമെന്ന് നയപ്രഖ്യാപനത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

ശ്രീ. മാണി സി. കാപ്പൻ: നന്ദിപ്രമേയത്തെ എതിർക്കുന്നു. ആവർത്തനവിരസത ഉളവാക്കുന്ന നയപ്രഖ്യാപനമാണ് ഗവർണ്ണർ നടത്തിയിരിക്കുന്നത്. സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിയും തൊഴിലില്ലായ്മയും പരിഹരിക്കുന്നതിനാവശ്യമായ പദ്ധതികൾ നയപ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. മാലിന്യനിർമ്മാർജ്ജനത്തിനും ശുചീകരണത്തിനും സമഗ്ര പദ്ധതികളാവിഷ്കരിക്കണം. കേന്ദ്ര ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള ശ്രമം സർക്കാരിന്റെ

ഭാഗത്തുനിന്നുമുണ്ടാകണം. സർക്കാരിന്റെ ഭാവി പദ്ധതികൾ സംബന്ധിച്ച ആധികാരിക രേഖയായി ഈ നയപ്രഖ്യാപനത്തെ കാണാൻ കഴിയില്ല. പ്രകൃതി ദുരന്തങ്ങളും കോവിഡ് മഹാമാരിയുംമൂലം തകർന്ന കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കണം. ആരോഗ്യ-വിദ്യാഭ്യാസ-കാർഷിക മേഖലകളിലെ പ്രതിസന്ധി പരിഹരിക്കുന്നതിനോ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനോ ആവശ്യമായ പുതിയ പദ്ധതികളൊന്നുംതന്നെ നയപ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. റബ്ബറിന്റെ താങ്ങുവില 300 രൂപയാക്കി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. നയപ്രഖ്യാപനത്തിന്റെ അവസാന ഖണ്ഡിക മാത്രം വായിച്ചുകൊണ്ട് ഗവർണ്ണർ ഭരണഘടനയെ വെല്ലുവിളിച്ചിരിക്കുകയാണ്. ചുരുങ്ങിയ സമയംകൊണ്ട് നയപ്രഖ്യാപനം നടത്തി ചരിത്രം സൃഷ്ടിച്ചതിലൂടെ നിയമസഭയെ അവഹേളിക്കുന്ന സമീപനമാണ് ഗവർണ്ണർ സ്വീകരിച്ചിരിക്കുന്നത്. രാജ്യത്ത് ഏറ്റവും കൂടുതൽ ലഹരി കേസുകളും ക്രിമിനൽ കേസുകളും കൊലപാതക കേസുകളും രജിസ്റ്റർ ചെയ്തിരിക്കുന്നത് ഗവർണ്ണറുടെ സ്വന്തം നാട്ടിലാണെന്നുള്ള വസ്തുത നിലനിൽക്കെ ഗവർണ്ണറുടെ

അതേ ഭാഷ തന്നെയാണ് പ്രതിപക്ഷവും ഉപയോഗിക്കുന്നതെന്നത് വിരോധാഭാസമാണ്.

ശ്രീ. പി. വി. അൻവർ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സർക്കാർ നടത്തുന്ന ജനോപകാരപ്രദമായ എല്ലാ പ്രവർത്തനങ്ങളെയും എതിർക്കുകയാണ് പ്രതിപക്ഷം ചെയ്യുന്നത്. പ്രകൃതി ദുരന്തങ്ങളും മഹാമാരിയുംമൂലം സംസ്ഥാനത്തിനുണ്ടായ പ്രതിസന്ധി മറികടക്കുന്നതിന് ഒന്നിച്ചുനിന്ന് കേന്ദ്രസഹായം നേടിയെടുക്കാൻ പ്രതിപക്ഷം തയ്യാറാകാത്തത് അപലപനീയമാണ്. നിതാഖത്തുമായി ബന്ധപ്പെട്ട് മടങ്ങിവന്ന പ്രവാസികളുടെ പ്രശ്നത്തിൽ ഇടപെടുന്നതിനുപകരം കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി അവരെ ദ്രോഹിക്കുന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. എൻ.എച്ച്. 66, ഗെയിൽ പൈപ്പ്ലൈൻ, കൂടംകുളം പദ്ധതി, വാട്ടർ മെട്രോ, വയനാട് തുരങ്കപാത, കെ-ഫോൺ തുടങ്ങിയ വികസന പദ്ധതികൾ തടസ്സപ്പെടുത്തുന്ന രീതിയിലുള്ള ഇടപെടലുകളാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നത്. സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്രവിഹിതം വെട്ടിക്കുറച്ച നടപടിക്കെതിരെ പ്രതികരിക്കാൻ പ്രതിപക്ഷം തയ്യാറാകണം.

ശ്രീ. ആന്റണി രാജു: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഡീസൽ ബസുകളേക്കാൾ ഇലക്ട്രിക് ബസുകൾ 80 ശതമാനം ലാഭകരമാണെന്നും അവയുടെ ലൈഫ് സ്പാൻ 15 വർഷമാണെന്നും വ്യക്തമാക്കിയിരിക്കെ ഇ-ബസുകൾ നഷ്ടത്തിലാണെന്ന തരത്തിൽ വസ്തുതാവിരുദ്ധമായ കാര്യങ്ങളാണ് പ്രതിപക്ഷം ഉന്നയിക്കുന്നത്. കെ.എസ്.ആർ.ടി.സി.യുടെ 2021-22 വരെയുള്ള വാർഷിക വരവ്-ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്ത് അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കുകയും സി.ജി.എസ്.ടി., എസ്.ജി.എസ്.ടി. റിട്ടേണുകൾ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ വികസന രംഗത്ത് വൻ കുതിച്ചുചാട്ടമുണ്ടാക്കുമായിരുന്ന കെ-റെയിൽ പദ്ധതിയെ അട്ടിമറിക്കാൻ ഗൂഢാലോചന നടത്തുന്ന പ്രതിപക്ഷത്തിന്റെ നടപടി അപലപനീയമാണ്.

ശ്രീ. പി. കെ. ബഷീർ: നന്ദിപ്രമേയത്തെ എതിർക്കുന്നു. ജനങ്ങളുമായി സംവദിക്കാനും അവരുടെ പരാതികൾ കേൾക്കാനുമെന്ന പേരിൽ കൊട്ടിഘോഷിച്ച് നടത്തിയ നവകേരള സദസ്സിലൂടെ പരാതി പരിഹാരം സാധ്യമായില്ലെന്ന് മാത്രമല്ല, നാട്ടുകാർക്ക് എന്തെങ്കിലും പ്രയോജനമുണ്ടായതായി കാണാനും കഴിഞ്ഞിട്ടില്ല. നെൽ വില കർഷകന്റെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നതിനെക്കുറിച്ചും പെൻഷൻ കുടിശ്ശിക

വിതരണം ചെയ്യുന്നത് സംബന്ധിച്ചും സഹകരണ മേഖലയുടെ വിശ്വാസ്യത തിരിച്ചുപിടിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ചും ഗവർണ്ണറുടെ പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടില്ല. അക്കാദമിക നിലവാരത്തകർച്ചമൂലം പ്രതിസന്ധി നേരിടുന്ന കേരളത്തിലെ സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് പദ്ധതികളാവിഷ്കരിക്കുന്നതിനെക്കുറിച്ചും കിഫ്ബി മുഖേനയുള്ള പദ്ധതി നടത്തിപ്പിന് ബദൽ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനെക്കുറിച്ചും നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിച്ചിട്ടില്ല. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ വികസനത്തിനായി ഗവൺമെന്റ് നടപ്പിലാക്കാനുദ്ദേശിക്കുന്ന കാര്യങ്ങൾ സംബന്ധിച്ച് നയപ്രഖ്യാപന പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ദേശീയപാത വികസനത്തിലും വിമാനത്താവളങ്ങളുടെ സ്വകാര്യവത്കരണത്തിലും വൻകിട കോർപ്പറേറ്റുകളെ സഹായിക്കുന്ന നിലപാടാണ് കേന്ദ്രഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറി ഏറ്റെടുക്കാൻ കഴിഞ്ഞത് സർക്കാരിന്റെ ഇച്ഛാശക്തി

വ്യക്തമാക്കുന്നതാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട്‌ലെറ്റുകളിൽ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വില നിയന്ത്രിച്ച് നിർത്തുന്നതിനും ശ്രദ്ധ ചെലുത്തണം. നവകേരളം സൃഷ്ടിച്ചെടുക്കാനുള്ള നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): നന്ദിപ്രമേയത്തെ എതിർക്കുന്നു. നിയമസഭയെ അവഹേളിച്ച ഗവർണ്ണറുടെ നടപടിക്കെതിരെ പ്രതിപക്ഷം ശക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാലയിലെ വി.സി. നിയമനത്തിൽ ഗവർണ്ണറും സർക്കാരും നിയമവിരുദ്ധമായ കാര്യങ്ങളാണ് ചെയ്തിട്ടുള്ളത്. ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയാത്ത നവകേരള സദസ്സ് സമ്പൂർണ്ണ പരാജയമാണ്. കരുതൽ തടങ്കലിനെതിരെ പ്രതിഷേധിച്ചവർക്കെതിരെ വധശ്രമത്തിന് കേസെടുത്ത സർക്കാർ നടപടി അപലപനീയമാണ്. മുഖ്യമന്ത്രിയോടൊപ്പമുള്ള ഉദ്യോഗസ്ഥർപോലും നിയമം അനുസരിക്കാത്ത അവസ്ഥയാണുള്ളത്. വയനാട്ടിൽ വന്യമൃഗശല്യം അനുദിനം രൂക്ഷമാകുമ്പോഴും സർക്കാർ അതിനെതിരെ നടപടി സ്വീകരിക്കുന്നില്ല. കാർഷിക-മത്സ്യത്തൊഴിലാളി മേഖലകൾ നേരിടുന്ന കടുത്ത പ്രതിസന്ധിക്ക് പരിഹാരം കാണണം. ഉന്നതവിദ്യാഭ്യാസത്തിനായി വിദ്യാർത്ഥികൾ

വിദേശങ്ങളിലേയ്ക്ക് പോകുന്നത് കണക്കിലെടുത്ത് ഈ രംഗം ശക്തിപ്പെടുത്തണം. സർക്കാർ ആശുപത്രികളിലെ രൂക്ഷമായ മരുന്നുക്ഷാമം പരിഹരിക്കാനും സപ്ലൈകോയിൽ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കാനും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കാനും നടപടി സ്വീകരിക്കണം. ജനജീവിതം ദുസ്സഹമാക്കുന്ന സർക്കാരിന്റെ അഴിമതിയും ധൂർത്തും അടിച്ചമർത്തലും അവസാനിപ്പിക്കണം.

VII വ്യക്തിപരമായ വിശദീകരണം

ഭൂമി കൈയേറിയെന്ന ആരോപണം സംബന്ധിച്ച്

ഡോ. മാത്യു കുഴൽനാടൻ: ചിന്നക്കനാലിൽ അർഹതപ്പെടാത്ത ഒരിഞ്ച് സ്ഥലംപോലും കൈവശം വയ്ക്കാൻ ആഗ്രഹിക്കുന്നില്ല. അധിക ഭൂമി കൈവശമുണ്ടെന്ന് കണ്ടെത്തിയാൽ സർക്കാർ സ്വീകരിക്കുന്ന ഏത് നടപടിയുമായും സഹകരിക്കുന്നതാണ്. മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ ഏഴുപേർക്ക് വീടുവച്ച് നൽകിയതിനെ സംബന്ധിച്ച് ഉയർന്നുവന്ന ആരോപണവുമായി ബന്ധപ്പെട്ട് വ്യക്തമാക്കാനുള്ളത്, ലൈഫ് മിഷന്റെ സപ്പോർട്ടോടുകൂടി പൂർത്തീകരിച്ച വീടുകൾക്ക് ഭാരത് ജോഡോ വില്ല' എന്ന പേര് നൽകിയെങ്കിലും അതിനുവേണ്ടി പണം പിരിക്കുകയോ അനധികൃത

നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല എന്നാണ്. ഇത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകണം.

<u>നന്ദിപ്രമേയ ചർച്ച (തുടർച്ച)</u>

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (<u>ഡോ. ആർ. ബിന്ദു</u>): ആഗോളവത്കരണത്തിന്റെ ഭാഗമായി രാജ്യങ്ങളുടെ അതിർത്തി രേഖകൾ അപ്രസക്തമാകുന്ന കാലത്ത് വിദ്യാഭ്യാസ മേഖലയിലും അതിന്റെ അനുരണനങ്ങൾ ഉണ്ടാകുന്നുണ്ട്. ഫ്ലൈറ്റ് സർവ്വീസുകളും വിദ്യാഭ്യാസ വായ്പകളും വർദ്ധിച്ച സാഹചര്യത്തിൽ വിദ്യാർത്ഥികൾ വിദേശത്തുപോകുന്നതും വർദ്ധിച്ചിട്ടുണ്ട്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽനിന്ന് വളരെ കുറച്ച് വിദ്യാർത്ഥികൾ മാത്രമാണ് വിദേശത്തേയ്ക്ക് പോകുന്നത്. സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് മുന്തിയ പരിഗണന നൽകിക്കൊണ്ട് അടിസ്ഥാന സൗകര്യങ്ങളും ഗുണമേന്മയും ഉറപ്പുവരുത്തി ലോകോത്തര നിലവാരത്തിലുള്ള സാഹചര്യങ്ങളൊരുക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. കണ്ണൂർ സർവ്വകലാശാല വി.സി.-യുടെ നിയമനം ഗവർണ്ണറുടെ വിവേചനാധികാരം ഉപയോഗിക്കാതെയാണ് നടത്തിയതെന്നതുകൊണ്ട് അത് അസാധുവാകുന്നുവെന്നാണ് ബഹു. സുപ്രീംകോടതി പറഞ്ഞിട്ടുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): നമ്മുടെ നാടിന്റെ ചരിത്രത്തിൽ ഇതുവരെയുണ്ടായിട്ടില്ലാത്ത ഒരു സവിശേഷ രാഷ്ട്രീയ സാഹചര്യത്തിലാണ് നന്ദിപ്രമേയ ചർച്ച ഇവിടെ നടക്കുന്നതെന്ന കാര്യം നാം കൃത്യമായി ഉൾക്കൊള്ളണം. സാമ്പത്തിക ഉപരോധമേർപ്പെടുത്തി കേരളത്തെ ഞെരുക്കുന്ന കേന്ദ്രസർക്കാർ നയത്തിനെതിരെ സുപ്രീംകോടതിയിൽ ഒറിജിനൽ സ്യൂട്ട് ഫയൽ ചെയ്യുകയും പൊതുമണ്ഡലത്തിൽ ശബ്ദമുയർത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. വരുമാനത്തിന്റെ നിശ്ചിത വിഹിതം മൂലധനച്ചെലവിനായി കിഫ്ബി മുഖാന്തരം മാറ്റിവയ്ക്കാനുള്ള നീക്കവും കുടിശ്ശികയില്ലാതെ സാമൂഹ്യ സുരക്ഷ പെൻഷനുകൾ നൽകുന്നതിന് ധനസമാഹരണത്തിനുള്ള സർക്കാർ ശ്രമവും ചോദ്യം ചെയ്തുകൊണ്ടാണ് കേരളത്തിന്റെ വായ്പാപരിധി 2021-22 സാമ്പത്തിക വർഷം മുതൽ മുൻകാല പ്രാബല്യത്തോടെ വെട്ടിക്കുറയ്ക്കുകയും 15-ാം ധനകാര്യ കമ്മീഷൻ ശിപാർശകൾക്ക് വിരുദ്ധമായ നിലപാട് കേന്ദ്രസർക്കാർ സ്വീകരിക്കുകയും ചെയ്തത്. ഫെഡറലിസത്തിന്റെ നിലനിൽപ്പിനുവേണ്ടിയുള്ള പോരാട്ടത്തിൽ ഒന്നിച്ച് പ്രതിഷേധിക്കണമെന്ന നിലപാടിനോട് കോൺഗ്രസ് കാണിക്കുന്ന വിമുഖത സംസ്ഥാന താൽപ്പര്യങ്ങളോടുള്ള വെല്ലുവിളിയാണ്. മതനിരപേക്ഷത, ജനാധിപത്യം,

സംസ്കാരത്തിൽ അന്തർലീനമായ ബഹുസ്വരത എന്നിവ കനത്ത വെല്ലുവിളി നേരിടുകയും ഭരണഘടനയുടെ അന്തഃസത്ത ഭരണാധികാരികളാൽ തകർക്കപ്പെടുകയും മതവികാരം സങ്കുചിത രാഷ്ട്രീയ താൽപ്പര്യങ്ങൾക്കുവേണ്ടി ചൂഷണം ചെയ്യപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിലാണ് കേരളത്തിലെ ഇടതുമുന്നണി സർക്കാർ വ്യത്യസ്തമാകുന്നത്. സംസ്ഥാന സർക്കാരുകളുടെ അധികാര പരിധിയിലുള്ള വിഷയങ്ങളിൽ ഏകപക്ഷീയമായി നിയമനിർമ്മാണം നടത്തുന്ന കേന്ദ്ര സർക്കാർ നടപടി അപലപനീയമാണ്. സംസ്ഥാന നിയമസഭകൾ പാസ്സാക്കുന്ന ബില്ലുകൾ കാലവിളംബം കൂടാതെ നിയമമാക്കാൻ സാധിക്കാത്ത അവസ്ഥ പാർലമെന്ററി ജനാധിപത്യത്തിന്റെ അടിസ്ഥാനശിലകൾ ദുർബ്ബലപ്പെടാനും ജനാധിപത്യം ഇല്ലായ്മ ചെയ്യപ്പെടാനും കാരണമാകും. ഭാവിതലമുറയിൽ ശാസ്ത്ര അവബോധം വളർത്തുന്നതിനുപകരം അന്ധവിശ്വാസങ്ങൾക്ക് പ്രചാരണം നൽകുന്ന നടപടി രാജ്യപുരോഗതിക്ക് കനത്ത തിരിച്ചടിയുണ്ടാക്കും. രാജ്യചരിത്രം സംബന്ധിച്ച പാഠഭാഗങ്ങൾ ഒഴിവാക്കാൻ എൻ.സി.ഇ.ആർ.റ്റി. തീരുമാനിച്ചപ്പോൾ അവ പാഠ്യക്രമത്തിന്റെ ഭാഗമാക്കാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനമെടുത്തിരിക്കുകയാണ്. മതനിരപേക്ഷ മൂല്യങ്ങളും ഉന്നത വിദ്യാഭ്യാസത്തിന്റെ അന്തഃസത്തയും നേരിടുന്ന വർഗ്ഗീയവത്കരണ

ഭീഷണിയെ വിലകുറച്ചുകാണുന്ന പ്രതിപക്ഷ നിലപാട് തിരുത്തപ്പെടേണ്ടതാണ്. നാക് അക്രഡിറ്റേഷനിലും എൻ.ഐ.ആർ.എഫ്. റാങ്കിംഗിലും ഗണനീയ സ്ഥാനത്തുള്ള സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വർഗ്ഗീയവത്കരണത്തിന്റെ വക്താക്കളെ നാമനിർദ്ദേശത്തിലൂടെ തിരുകിക്കയറ്റാനുള്ള ചാൻസിലറുടെ ശ്രമത്തിനെതിരായ പ്രതിഷേധങ്ങളിൽ പങ്കുചേരാൻ പ്രതിപക്ഷം തയ്യാറായിട്ടില്ല. കേന്ദ്ര സർക്കാർ വിറ്റഴിക്കാൻ ശ്രമിച്ച പൊതുമേഖലാ സ്ഥാപനങ്ങളെ പരിമിതികൾ മറികടന്ന് സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടത്തിവരികയാണ്. സാമൂഹ്യക്ഷേമ പദ്ധതികൾക്കും പശ്ചാത്തല വികസനത്തിനും തുക വകയിരുത്തുന്ന കേരളത്തെ സാമ്പത്തികമായി ഞെരുക്കാനാണ് കേന്ദ്രം ശ്രമിക്കുന്നത്. കിഫ്ബിയും സാമൂഹ്യ പെൻഷൻ കമ്പനിയും എടുക്കുന്ന വായ്പകളെ സംസ്ഥാന സർക്കാർ വായ്പയായി പരിഗണിച്ച് കേരളത്തിന്റെ കമ്പോള വായ്പാ പരിധി മുൻകാല പ്രാബല്യത്തോടെ വെട്ടിച്ചുരുക്കുന്ന കേന്ദ്ര സാമ്പത്തിക അടിച്ചമർത്തൽ നയത്തിനെതിരെ കേരളം നിയമ പോരാട്ടത്തിലാണ്. കേരളത്തിന്റെ തനത് നികുതി വരുമാനത്തിൽ വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം ജി.എസ്.ടി ഇന്റലിജൻസ് വിഭാഗം രണ്ടായിരം

കോടിയിൽപ്പരം രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാന വിഹിതത്തിൽ ധനകാര്യ കമ്മീഷൻ കുറവ് വരുത്തിയതും ജി.എസ്.ടി നഷ്ടപരിഹാരം നിർത്തലാക്കിയതും റവന്യൂ കമ്മി ഗ്രാന്റിൽ കുറവ് വരുത്തിയതും വായ്പ അനുമതി നിഷേധിച്ചതും കാരണം സംസ്ഥാനത്തിന്റെ വരുമാനത്തിൽ 57,000 കോടിയിലധികം രൂപയുടെ കുറവ് വന്നിട്ടുണ്ട്. സംസ്ഥാന ജി.എസ്.ടി വകുപ്പ് പുന:സംഘടിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ചെലവിന്റെ കാര്യത്തിൽ സർക്കാർ മിതവ്യയം പാലിക്കുന്നുണ്ട്. പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം, സ്ത്രീ സാക്ഷരത, ആയുർ ദൈർഘ്യം, കുറഞ്ഞ ശിശുമരണ നിരക്ക് എന്നിവയിൽ കേരളം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെക്കാൾ വളരെ മുന്നിലാണെന്നത് ചൂണ്ടിക്കാണിച്ച് നികുതി വിഹിതത്തിൽ കേന്ദ്രം കുറവ് വരുത്തിയിരിക്കുകയാണ്. ഇത്തരം കേന്ദ്ര സമീപനങ്ങൾക്കെതിരെയുള്ള പ്രതിഷേധത്തിൽ പ്രതിപക്ഷവും പങ്കുചേരണം. സെസ്, സർചാർജ്ജ് എന്നിവ ഇരുപത് ശതമാനം വരെ വർദ്ധിപ്പിച്ച് കേന്ദ്രം സംസ്ഥാനത്ത് കൂടുതൽ സാമ്പത്തിക ഞെരുക്കം സൃഷ്ടിക്കുകയാണ്. കേരളീയം 2023, നവകേരള സദസ്സ് എന്നിവ മുഖേന ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

നീതി ആയോഗിന്റെ മാനവ വിഭവസൂചികയിൽ ഒന്നാം സ്ഥാനമാണ് കേരളത്തിനുള്ളത്. രാജ്യത്ത് ഏറ്റവും കൂടുതൽ പി.എസ്.സി. നിയമനങ്ങൾ നടക്കുന്നതും കേരളത്തിലാണ്. രാജ്യത്ത് ഏറ്റവും കുറവ് അതിദരിദ്രരുള്ള കേരളത്തെ 2025 നവംബർ 1 ആകുമ്പോഴേയ്ക്കും അതിൽനിന്നും പൂർണ്ണമായും മുക്തമാക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻകീഴിലുള്ള തൊഴിലാളികൾക്ക് ക്ഷേമപദ്ധതി നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. പുതിയ സയൻസ് പാർക്കുകൾ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ നല്ല രീതിയിൽ മുന്നോട്ടുപോകുകയാണ്. കഴിഞ്ഞ ഏഴര വർഷം കൊണ്ട് 83000 കോടിയോളം രൂപയുടെ പദ്ധതികളാണ് കിഫ്ബി മുഖേന നടപ്പിലാക്കിയിട്ടുള്ളത്. വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാകാൻ പോകുകയാണ്. ദേശീയപാതയുടെ വികസനം നല്ല രീതിയിൽ മുന്നോട്ടുപോകുന്നു. ഗെയ്ൽ പാചകവാതക ലൈൻ പദ്ധതി, ഇടമൺ-കൊച്ചി പവർഹൈവേ പദ്ധതി, പുതുവൈപ്പിനിലെ എൽ.പി.ജി. പ്ലാന്റ് തുടങ്ങിയവ പൂർത്തിയാക്കാൻ കഴിഞ്ഞു. സംസ്ഥാനത്തിന്റെ സ്വന്തം പദ്ധതിയായ രാജ്യത്തെതന്നെ ആദ്യ വാട്ടർ മെട്രോ കൊച്ചിയിൽ ആരംഭിച്ചതിലൂടെ ഗതാഗത-വിനോദസഞ്ചാര മേഖലകൾക്ക് വലിയ കുതിപ്പേകാൻ സാധിച്ചിട്ടുണ്ട്. തീരദേശ-മലയോരഹൈവേകളുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

അവയവമാറ്റിവയ്ക്കലിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ കോഴിക്കോട് സ്ഥാപിക്കാനുള്ള പ്രവർത്തനവും പുരോഗതിയിലാണ്. തിരുവനന്തപുരത്തെ ലൈഫ് സയൻസ് പാർക്കിൽ സ്ഥാപിക്കുന്ന മൈക്രോബയോം സെന്റർ ഓഫ് എക്സലൻസിലൂടെ ആരോഗ്യരംഗത്തെ പുതിയ സാധ്യതകൾ കണ്ടെത്താൻ സാധിക്കും. സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂട്രാസ്യൂട്ടിക്കൽസിന് ആദ്യഘട്ടത്തിനായി തുക അനുവദിച്ചിട്ടുണ്ട്. ലോകത്തിലെ പ്രധാനപ്പെട്ട ഒരു ഇൻസ്റ്റിറ്റ്യൂട്ടായി വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനെ മാറ്റാനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ നഗരങ്ങളുടെ പുനരുജ്ജീവനത്തിനും സൗന്ദര്യവത്കരണത്തിനുമായി 300 കോടി രൂപയുടെ പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാർ കഴിഞ്ഞ ഏഴരവർഷം കൊണ്ട് 57000 കോടി രൂപയാണ് സാമൂഹ്യക്ഷേമപെൻഷനായി ചെലവഴിച്ചിട്ടുള്ളത്. ലൈഫ് ഭവനപദ്ധതിക്ക് കീഴിൽ 31.12.2023 വരെ 367867 വീടുകൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേന്ദ്രസർക്കാർ സാമ്പത്തികഞെരുക്കമുണ്ടാക്കുന്നുണ്ടെങ്കിലും സംസ്ഥാന സർക്കാർ ഇത്തരം പദ്ധതികളുമായി മുന്നോട്ടുകൊണ്ടുപോകുക തന്നെ ചെയ്യും. പുനർഗേഹം പദ്ധതിയും വിപുലമായി നടപ്പിലാക്കാൻ തന്നെയാണ് സർക്കാർ ശ്രമിക്കുന്നത്. 2016 മുതൽ 3 ലക്ഷം പട്ടയങ്ങളും കഴിഞ്ഞ രണ്ടരവർഷത്തിൽ

മാത്രം 121604 പട്ടയങ്ങളുമാണ് വിതരണം ചെയ്തിട്ടുള്ളത്. കേരളത്തിലെ വ്യാവസായിക രംഗത്ത് വലിയ രീതിയിൽ മുന്നേറ്റം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ഒരു വർഷം കൊണ്ട് 1,39,000 സംരംഭങ്ങൾ സൃഷ്ടിക്കാൻ സാധിച്ചതിലൂടെ മൂന്ന് ലക്ഷത്തോളം തൊഴിലവസരങ്ങളും 8500 കോടി രൂപയുടെ നിക്ഷേപവും സമാഹരിക്കാൻ സാധിച്ചിട്ടുണ്ട്. വ്യാവസായിക വളർച്ചയിൽ വലിയ രീതിയിൽ മുന്നേറ്റമുണ്ടാക്കാനും പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനും സാധിച്ചിട്ടുണ്ട്. ഐ.ടി. പാർക്കുകൾ വഴിയുള്ള കയറ്റുമതിയും ഐ.ടി. കമ്പനികളുടെയും ജീവനക്കാരുടെയും എണ്ണത്തിലും വർദ്ധനവുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. ഗ്ലോബൽ സ്പൈസസ് പ്രോസസ്സിംഗ് ഹബ്ബായി കേരളത്തെ മാറ്റാൻ സാധിച്ചിട്ടുണ്ട്. ലോകത്ത് ഉത്പാദിപ്പിക്കപ്പെടുന്ന ഒലിയോറസിനുകളുടെ 40-50 ശതമാനം കേരളത്തിലാണ്. സീഫുഡ് പ്രോസസ്സിംഗ് നടത്തുന്ന 75 ശതമാനം കമ്പനികൾക്കും EU സർട്ടിഫിക്കേഷനുള്ള ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ്. ലോകത്തിലെ ഏറ്റവുമധികം കൃത്രിമ പല്ലുകൾ, ബ്ലഡ് ബാഗ്, മെഡിക്കൽ എക്യുപ്മെന്റ്സ് എന്നിവ നിർമ്മിക്കുന്ന കമ്പനികൾ കേരളത്തിലാണ് പ്രവർത്തിക്കുന്നത്. എയർബസ്, നിസാൻ, ടെക് മഹീന്ദ്ര, ടോറസ് ഡൗൺടൗൺ തുടങ്ങിയ കമ്പനികൾക്ക് കേരളത്തിൽ പ്രവർത്തനം

ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്. കെ-ഫോൺ പദ്ധതി പ്രകാരം 20298 സർക്കാർ സ്ഥാപനങ്ങൾക്കും 5497 ബി.പി.എൽ. കുടുംബങ്ങൾക്കും പുറമെ 1162 വാണിജ്യ സ്ഥാപനങ്ങൾക്കും ഇന്റർനെറ്റ് കണക്ഷൻ നൽകിയിട്ടുണ്ട്. വെഞ്ച്വർ ക്യാപിറ്റൽ ഫണ്ടിംഗിലൂടെ 5500 കോടി രൂപയുടെ നിക്ഷേപം സമാഹരിക്കാനും 50000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 778 സ്റ്റാർട്ടപ്പുകൾക്കായി 35 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. സർവ്വകലാശാല വിദ്യാർത്ഥികളിൽ നിന്നും സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി 466 Innovation and Entrepreneurship Development Centre-കൾ സ്ഥാപിച്ചിട്ടുണ്ട്. ലോകത്തെ മികച്ച പബ്ലിക് ബിസിനസ്സ് ഇൻക്യുബേറ്ററായി കേരള സ്റ്റാർട്ടപ്പ് മിഷനെ യു.ബി.ഐ. ഗ്ലോബൽ തെരഞ്ഞെടുത്തിട്ടുണ്ട്. സർക്കാർ കോളേജുകളുടെയും സർവ്വകലാശാലകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനും അക്കാദമിക് ഉന്നമനത്തിനുമായി 700 കോടി രൂപയുടെ പദ്ധതിക്ക് കിഫ്ബി അംഗീകാരം നൽകുകയും 750 കോടി രൂപയുടെ പദ്ധതികളുടെ അംഗീകാരം അവസാനഘട്ടത്തിലുമാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 4149 സീറ്റുകൾ പുതിയതായി അനുവദിച്ചതോടൊപ്പം 6 സ്വകാര്യ കോളേജുകളും ഒരു എയ്ഡഡ് കോളേജും അനുവദിക്കുകയും 131 ബിരുദ

പ്രോഗ്രാമുകൾക്ക് അനുമതി നൽകുകയും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 612 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നാക്ക് അക്രഡിറ്റേഷൻ റാങ്കിംഗിൽ കേരള സർവ്വകലാശാലയ്ക്ക് 'എ പ്ലസ് പ്ലസ്' ലഭിക്കുകയും ഗ്രാഫീൻ അടിസ്ഥാനമാക്കിയുള്ള ഗവേഷണ കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കാർഷിക വളർച്ചാനിരക്കിൽ വർദ്ധനവ് കൈവരിക്കാനും നെല്ലിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കാനും സാധിച്ചതോടൊപ്പം നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നെൽവയൽ ഉടമകൾക്ക് ഓരോ ഹെക്ടറിനും 3000 രൂപ വീതം റോയൽറ്റി നൽകാനും സാധിച്ചിട്ടുണ്ട്. 2022-23 സംഭരണ വർഷത്തിൽ നെല്ലുൽപ്പാദന രംഗത്തും പച്ചക്കറി ഉത്പാദന രംഗത്തും വർദ്ധനവ് കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. പച്ചക്കറികൾക്ക് തറവില പ്രഖ്യാപിക്കുകയും 27 ഇനങ്ങൾക്ക് കുറഞ്ഞ പ്രീമിയം നിരക്കിൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ക്ഷീരമേഖലയിൽ ഗണ്യമായ വളർച്ച കൈവരിക്കാനും നാളികേരത്തിന്റെ താങ്ങുവില 34 രൂപയായി വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. കേരഗ്രാമം പദ്ധതി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. റബ്ബർ പ്രോഡക്ട് ഇൻസെന്റീവ് സ്കീം പ്രകാരം റബ്ബറിന്റെ താങ്ങുവില 170 രൂപയിൽ നിന്നും

250 രൂപയായി വർദ്ധിപ്പിക്കാനുള്ള ധനസഹായം ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പച്ചക്കറികളിലേയും മത്സ്യമാംസാദികളിലേയും വിഷാംശം കണ്ടെത്തുന്നതിനായി ട്രെയിസബിലിറ്റി പദ്ധതി പ്രകാരം രണ്ട് പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലബോറട്ടറികൾ സ്ഥാപിച്ചിട്ടുണ്ട്. ഭൗമസൂചിക പദവി ലഭിച്ച കാർഷികോത്പന്നങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനും ഓൺലൈൻ വിപണി കണ്ടെത്തുന്നതിനുമായി ഉത്പന്നങ്ങളുടെ സമഗ്ര വിവരങ്ങളടങ്ങിയ വെബ്സൈറ്റ് രൂപീകരിച്ചിട്ടുണ്ട്. 900-ത്തിലധികം സേവനങ്ങൾ ഓൺലൈൻ വഴി ലഭ്യമാക്കിയതോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള സേവനങ്ങൾ ഓൺലൈൻവഴി ലഭ്യമാക്കുന്ന കെ-സ്മാർട്ട് പദ്ധതിക്ക് തുടക്കം കുറിക്കാനും സാധിച്ചിട്ടുണ്ട്. 2016 മുതൽ വിനോദസഞ്ചാരരംഗത്തെ മൊത്തവരുമാനവും വിദേശ വിനോദസഞ്ചാരികളുടെ എണ്ണവും സർവ്വകാല റെക്കോർഡിലെത്തിയിരിക്കുകയാണ്. ടൈം മാഗസിൻ പ്രസിദ്ധീകരിച്ച ലോകത്ത് കണ്ടിരിക്കേണ്ടതായ അൻപത് സ്ഥലങ്ങളുടെ പട്ടികയിൽ കേരളത്തിന് ഇടംപിടിക്കാനായതും രാജ്യത്തെ മികച്ച വെഡ്ഡിംഗ് ഡെസ്റ്റിനേഷനായി ട്രാവൽ പ്ലസ് ലെഷർ മാഗസിൻ തെരഞ്ഞെടുത്തതും

സ്ട്രീറ്റ് ടൂറിസം പദ്ധതിക്ക് അന്താരാഷ്ട്ര പുരസ്കാരം നേടാനായതും അഭിമാനാർഹമാണ്. കാരവൻ ടൂറിസവും തദ്ദേശസ്ഥാപനങ്ങളൊരുക്കുന്ന ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളും അഗ്രി ടൂറിസം നെറ്റ്‌വർക്കും പുതിയ ആകർഷണകേന്ദ്രങ്ങളാവുകയാണ്. കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന തെറ്റായ നിലപാടുകളുടെ ഭാഗമായാണ് സർവ്വകലാശാലകളിൽ വൈസ് ചാൻസലർമാരെ നിയമിക്കാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ടായത്. ഉന്നതവിദ്യാഭ്യാസ മേഖലയെ ശാക്തീകരിക്കാനുള്ള പ്രവർത്തനങ്ങൾ സർക്കാർ ഫലപ്രദമായി നടത്തിവരുന്നുണ്ട്. കണ്ണൂർ യൂണിവേഴ്സിറ്റി വൈസ് ചാൻസലറുടെ പുനർ നിയമനത്തിൽ ചട്ടവിരുദ്ധമായ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. സെക്രട്ടേറിയറ്റിൽ സമ്പൂർണ്ണമായി ഇ-ഫയൽ സംവിധാനം നടപ്പാക്കിയിട്ടുണ്ട്. മണ്ണെണ്ണ വില കുറയ്ക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും മത്സ്യത്തൊഴിലാളികളുടെ സഹകരണത്തോടെ മണ്ണെണ്ണയിതര ഇന്ധനങ്ങൾ ഉപയോഗിക്കുന്ന യാനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. എസ്.എസ്.എൽ.സി. മോഡൽ പരീക്ഷയ്ക്കുള്ള ചോദ്യപേപ്പറിന് ഒരു വിദ്യാർത്ഥിയിൽനിന്ന് 10/- രൂപ ഈടാക്കണമെന്ന നിർദ്ദേശം 2014 മുതൽ നിലവിലുള്ളതാണ്. നവകേരള സദസ്സ് ബഹുജന പങ്കാളിത്തത്തോടെ വൻ

വിജയമായിരുന്നു. കേന്ദ്ര നിലപാടുകൾക്കെതിരെ ഒറ്റക്കെട്ടായി പ്രതിഷേധിക്കാൻ പ്രതിപക്ഷം തയ്യാറാകണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച നന്ദിപ്രമേയം 35-നെതിരെ 77 വോട്ടുകളോടെ സഭ അംഗീകരിച്ചു.

സഭ വൈകുന്നേരം 4.41-ന് പിരിഞ്ഞു.

* * * * * * * * * *